# RANTHAL



*Light to capture the unseen skills of IHRDians*

***The Digital Magazine***

***proudly presented By***

***LITTLE KITES MEMBERS 2018-2019***

**TECHNICAL HIGHER SECONDARY SCHOOL**
**MUTTOM, THODUPUZHA (29504) – 685 587**

# *Behind the name...*

## *RANTHAL*

*We believe in educating the heart and mind together. When we impart each lesson to our students, we have a note of individual interest too... 'RANTHAL' comes out from such an interest. We tried to unfold our students' imagination and creativity.*



*Little Kite Mistresses*

**Anija N**

**Preetha Kumari A**

# R A N T H A L.......

## through the eyes of an IHRDian...



Nizamudheen P I
Std:XIIC

**R**- RELEVANT, Must have a role or significance wherever you live.

**A**- ASPIRANT, Be an ambitious person to gain knowledge.

**N** - NOURISH, Give your fellow beings a point of care when they are in need.

**T** - TRY, Try till you achieve success. Never give up.

**H** - HUMBLE, Being humble is one of saintly qualities.

**A** - ARTISTIC, Be creative in whatever you do.

**L** - LEARNER, Be a non-stop learner.

# PRINCIPAL

*Our Iron Lady...*

*The supporting hand...*



## Smt. Tessy Joseph

*Education, as Gandhiji said ,is the all round drawing out of the best in child and man -Body ,Mind and Spirit. It is the right time to state this quote. As the head of this institution, I am really happy to bring out the best from our children  with the publication of the digital magazine “RANTHAL”. Hearty congratulations to all the Little Kites members who joined hands to make this innovative idea come true.*

*I wish all success to this great endeavour......*

# *Editorial Board*



***Chief Editor*** **- Smt.Shahiba Shemeer**
**Lr. in English**

## Board Members





**Ms. ANIJA N**
**Lr. in Computer**
**Little Kite Mistress**

**Smt.PREETHA KUMARI A**
**Lr. in Computer**
**Little Kite Mistress**





***Master*** **CHRISTIN JOSEPH**

**Std: IXB**

**Kumari ANAKHA MARY BIJU**

**Std:IXA**

**Student Editors**

# *Editorial*



CHRISTIN JOSE BIJU
STD IXB

സാഹിത്യ പ്രതിഭകളുടെയും വായനക്കാരുടെയും ക്ഷാമം നേരിടുന്ന ലോകത്തേക്കാണ് നാം കടന്നുപോകുന്നത്. പത്രങ്ങൾക്കും കയ്യെഴുത്ത് മാസികകൾക്കും പുസ്തകങ്ങൾക്കും എല്ലാം തന്നെ ഇപ്പോൾ പ്രസക്തി കുറഞ്ഞുവരികയാണ്. അവയ്ക്ക് പകരം ഓൺലൈൻ വാർത്തകൾ, ഇലക്ട്രോണിക് പുസ്തകങ്ങളും ഇപ്പോൾ നിമിഷനേരത്തിനുള്ളിൽ ലഭിക്കും. അങ്ങനെയുള്ള ഈ ലോകത്തിൽ ഡിജിറ്റൽ മാസികയ്ക്ക് ഏറെ പ്രസക്തിയുണ്ട്. വിവിധങ്ങളായ വിഷയങ്ങൾ ഗൗരവമായി സമീപിച്ച്, വിവിധങ്ങളായ കഴിവുകൾ പുറത്തെടുക്കുവാൻ ഡിജിറ്റൽ മാസികയ്ക്ക് സാധിക്കും. വേറിട്ടുനിൽക്കുന്ന കാര്യങ്ങൾ ദീർഘവീക്ഷണത്തോടെ അവതരിപ്പിക്കുകയാണ് ഡിജിറ്റൽ മാസികയിലൂടെ. ഇത്തരം ഡിജിറ്റൽ മാസികകൾ നമുക്ക് യഥേഷ്ടം വായിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഏതുസമയത്തും, എവിടെ വെച്ചും ഉപയോഗിക്കുന്നതിനും സാധിക്കുന്നു.

കയ്യെഴുത്ത് മാസികകൾ നേരിടുന്ന പ്രതിസന്ധികളെക്കാൾ കൂടുതൽ പ്രശ്നങ്ങളുണ്ട് ഡിജിറ്റൽ മാസികയ്ക്ക്. അവ മറികടന്ന് വായനക്കാരെ പുതു ലോകത്തേക്ക് എത്തിക്കുവാൻ ഈ ഡിജിറ്റൽ മാസികയ്ക്ക് കഴിയട്ടെ.

സാഹിത്യ പ്രതിഭകൾ വിരളമായ ഈ കാലഘട്ടത്തിൽ ഇത്തരം പരിശ്രമങ്ങളുടെ മാറ്റ് വർദ്ധിക്കുന്നു . അതുകൊണ്ടുതന്നെ ഈ ഉദ്യമത്തിൽ പങ്കെടുക്കുന്ന എല്ലാവരും അനുമോദനം അർഹിക്കുന്നു. ഇവരെപ്പോലെ കൂടുതൽ സാഹിത്യ പ്രതിഭകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ അനന്തമായ സാധ്യതകളെ നാം അനുസ്യൂതം ചൂഷണം ചെയ്ത്, സാങ്കേതിക അറിവുകൾ വികസിപ്പിച്ച്, മാറുന്ന ലോകത്തിൻറെ കൈപിടിച്ച് അവയ്ക്കൊപ്പം നടന്നു പോകേണ്ടിയിരിക്കുന്നു. ആർക്കും ഇനി ഒരിക്കലും ഒഴിവാക്കാനാവാത്ത ഡിജിറ്റൽ സാങ്കേതിക മേഖലകളിലേക്ക് നാം കടന്നു ചെല്ലുമെന്ന പ്രതീക്ഷയോടെ....

ഒരു പുതുവഴി നമ്മെ കാത്തിരിക്കുന്നു.....

# *Words of Gratitude*

*Any of our words would be incomplete without the words of gratitude...*

*Our Principal,* **Smt. TESSY JOSEPH** *is always there behind each and every programmes' success. The Little Kite members are thanking for her unending support.*

*RANTHAL shadows our mistresses...The real guiding lights behind each of our steps. We are sincerely thanking for their efforts and guidance.*

*Little Kites members are sincerely thanking to all our teachers who guided and helped us to accomplish this dream task.*

*Thanks to all students of THSS MUTTOM for your sincere help and support.*

*We are proudly presenting to you "RANTHAL" the first digital magazine of Technical HSS School Muttom.*

*We have a wide range of poetry, paintings, articles from our blooming buds for you.*

*Have a happy reading........*

*The Editorial Board*

# RANTHAL 2018-2019


| | | |
|---|---|---|
| 1 | The First Day of School | 9 |
| 2 | Plastic | 10 |
| 3 | Life | 11 |
| 4 | Nandita Mohan | 12 |
| 5 | Friendship | 13 |
| 6 | My Love | 14 |
| 7 | Those Days of Innocence | 15 |
| 8 | Smile | 16 |
| 9 | To all pretty dolls | 17 |
| 10 | Social problems in India | 18 |
| 11 | മാറുന്ന വിദ്യാഭാസ ചിന്തകൾ | 19 |
| 12 | യഥാർത്ഥ രുചി | 23 |
| 13 | ചെമ്പരത്തിപ്പൂ | 24 |
| 14 | ഫാസ്റ്റ് ഫുഡ് | 25 |
| 15 | എന്താണ് ഉപന്യാസം | 26 |
| 16 | എന്റെ നാട് | 27 |
| 17 | കേരളത്തിന്റെ വികസന മുന്നേറ്റം | 29 |
| 18 | രാത്രിയും പകലും | 30 |
| 19 | പ്രിയപ്പെട്ട ടീച്ചർ | 31 |
| 20 | ലഘു അറിവുകൾ | 33 |
| 21 | വിദ്യാലയം | 34 |
| 22 | പ്രളയം | 35 |
| 23 | അന്തരീക്ഷ മലിനീകരണം | 37 |
| 24 | ഫലിതം | 41 |

# *The First Day Of School*



PRANAV PRADEEP
STD XIIB

**It was the night just before my school days began**
**I dreamed about the next day.**
**And restless for the dawn**
**The day arrives......**

**There stood the confused me with cheering parents.**
**Many thoughts curled up in mind.**

**What if I get lost on my way back?**
**And what if the other students are thousand times smarter than me?**

**And what if the school conduct**
**a spelling test,or a reading test, or anything?**

**And if I am the only person who doesn't pass?**
**And what if my teacher doesn't like me?**

**And what if the others say 'do this'**
**And I don't understand them?**

**And what if I start the first day of my school on the second day?**
**And many many whats stood up before me....**

**Those thoughts were just for moments**
**When I overcome those....**
**Here comes another...**
***What if I do not get good friends..?***



# പ്ലാസ്റ്റിക്

CHRISTIN JOSE BIJU
STD IXB



നിറമാർന്ന പല രൂപങ്ങളിൽ
എവിടെയും പുതുതായി നിറയുന്ന ഞാൻ
നിറയുന്ന മണ്ണിതിൽ , തണ്ണീർതടങ്ങളിൽ
മലകളിലാഴക്കടലിനടിയിലും



ഉറവപോൽ ഞാൻ നിന്റെ
ജീവിതത്തിൽ അലിഞ്ഞീടുന്ന
മച്ചിടമായിത്തീർന്ന നിറമെന്റെ
ശാപമായി തീർന്ന ഞാൻ



ജീർണ്ണിച്ച തീർന്നിടാതെ പാരിടത്തിങ്കൽ
രോഗങ്ങൾ  പരത്തും ഞാൻ
വിഹായസ്സിലേക്ക് ഉയർന്ന ഞാൻ
തൊടിയിലവിശേഷിച്ചതിൻ അന്തകനായി

അന്തകനാണ് ഞാൻ മലനിരകളിൽ
പാദമൂന്നി  ലോകം കീഴടക്കുവോൻ
അനുദിനം അഖിലവും
നശിപ്പിക്കും മാന്ത്രികൻ ഞാൻ





വളരാതെ വിടരാതെ തരുവിൻ തൈകൾ
വരളുന്ന ഈ മണ്ണിൽ മറഞ്ഞിടുന്ന
മണ്ണിതിൽ കിടന്ന നീ ഓർക്കുക
ചിരകാലം മണ്ണിതു നരകമായി മാറിടുന്നു.



ASIF RAHMAN P A
STD XB

# LIFE

Life is a beautiful gift given by god to each one of us, he has the right to take and give it. Life cannot be a bed of roses. When we grow we face ups and downs as they are an important part of life. Remember that life is not what you get. It is rather what you make for yourself. Have you ever seen an ECG machine attached to patient's body or do you know how does it work? So let me tell you when the doctor saw a straight line in the machine they know that the patient is dead, when they see ups and downs they know that the patient has very less chance of survival and finally when they seen an accurate number of ups and downs. They know that the patient is completely safe. The same goes with our life too, we need to came across challenges and need to know how to overcome them. If we be true to ourselves then surely the life will be honest to us. There might be times when you will fail not only once but many times but the true dedication will help you become successful in life. If you believe in you then there is no way you cannot be successful in life.



**JOSNA T S**
**STD IXB**

# NANDITA DAS

**Nandita was born in Calcutta and grew up in Bangalore. “colours of delight” is her debut book of poetry. This is a very fascinating book which truly paints the beautiful colours of delight while at college. Her poem 'stalemate' was published as an anthology by poets International Organisation in 1991. She loves literature. She lives in Bangalore with her husband,son and mother. Her poetry is filled with rich humour and great imagery.**



DIANA SONI SAM
STD VIIIA

# FRIENDSHIP

**Friend ship is a priceless gift that cannot be brought or sold**

**Its value is greater than a mountain made of gold.**

**Gold, it is cold and lifeless in times of troubles.**

**It has no ears to listen.**

**No mind to understand**

**It neither brings you comfort nor reach out a helping hand.**

**When you ask god for a gift,be thankful that he didn't send diamond,pearl or riches**

**But the LOVE OF TRUE FRIENDS.**



JESNAMOL SALIM
STD IXB

# My love

**My love never told**
**My love never expressed**
**But the best feeling that I ever had.........**

**I was lost in his thoughts**
**we then travelled into each others' world**
**I often smiled without bothering my surroundings**
**Still my love ,I never expressed.**

**Those times we shared together in laughter**
**With you next to me in every selfie clicks**
**We have travelled a lot together in my dreams**
**But let me tell U.........**
**This is the best feeling , I ever had!.........**

# THOSE INNOCENT DAYS

When I was in that innocence
I was a feather
Took each aimless steps happily
Those days I lived without mask .
And unaware of the strange life ahead
Oh God....now I am longing for those beautiful days
Time took away everything
Those golden days of innocence....
Life of mine lead me as sloth
The difficult steps make me tired
And artificiality dominates all
I swear to wear the mask everywhere
There the reality hides behind
Eager to get rid of...
But the unacceptance ties me
Oh God....now I am longing for those beautiful days
I flew as a bird and was free as a feather



**SHAHIBA SHAMEER**
**LR.IN ENGLISH**

# SMILE



DEVIPRIYA S
VIIIA

Smile is like an infection; you catch
it like a flu, then someone
smiled at me today, I started smiling too.
I passed it on to him.
I thought about smiles and realized its worth.
A single smile,just like mine could travel around the earth.
So if you feel single being,
don't leave undetected.
Let's start the epidemics
quick and get the world infected with “SMILE”

# To all pretty dolls

Its amazing how we change
From our childhood to our adolescence,
From vaseline to lip gloss,
From telephones to tablets,
From baby shoes to pencil heels,
From baby soap to body moisturizers,
But one thing doesn't change.
We are still mom's little girls
And dad's dolls forever!!!!



AKSHAYA SUKUMARAN
STD VIIIA

# SOCIAL PROBLEMS IN INDIA



VISHNU BIJU
STD IXB

Those problems which affect the society directly or indirectly are considered as social problems. Problems ,whether individual or common that exist for a long time affecting the society are called social problems. The main problems are:

- Poverty
- Unemployment
- Problem of shelter

## Poverty

Poverty is the inability to secure the minimum consumption requirement for life, health and efficiency. As per the World Bank records of 2015, 702 millions of peoples are poor in the world. Poverty is asocial problem not only in India but the whole World. According to the report of the UNO one to the fifth population in development countries are living below the poverty line.

## Unemployment

Unemployment is a social problem related to poverty while a section of people in the world finds employments of any kind,many people cannot find any. Unemployment is a situation in which a person is physically and mentally able and willing to work but cannot get a job.

## Problems of shelter

Shelter is one of basic needs of man. Society has different views about shelter. Lacks of shelter is a major problem in India. To have a house where an individual and the family can live in a healthy way is one's right. Lack of shelter is the situation in which an individual is not able to secure and keep a suitable house.

# മാറുന്ന വിദ്യാഭ്യാസ ചിന്തകൾ!!



JOBIN JOHN
LR.IN MALAYALAM

ലോകനിലവാരത്തിൽ എത്തിനിൽക്കുന്ന ബുദ്ധിശക്തിയും കർമ്മശേഷിയും ഉള്ളവരാണ് കേരളിയർ. കേരളത്തിന്റെ ഏതു മൂലയിൽ ചെന്നാലും അവിടെ ഒരു മലയാളിയെ കാണാതിരിക്കുകയില്ല. തൊട്ടതെല്ലാം പൊന്നാക്കുന്നവനാണ് മലയാളി. അതിനാൽ എവിടെയും മാന്യമായൊരു സ്ഥാനം മലയാളിക്കു നൽകപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ 100% സാക്ഷരത കൈവരിച്ച, അല്ലെങ്കിൽ അങ്ങനെ അവകാശപ്പെടാവുന്ന ഏക സംസ്ഥാനം കേരളമാണ്.

ഇത്രയും മികച്ച നിലവാരം പുലർത്തുമ്പോഴും മലയാളികൾക്ക് അഹങ്കരിക്കുവാനോ അഭിമാനിക്കുവാനോ ഒന്നുമില്ല എന്നതാണ് വാസ്തവം. ഉദാഹരണമായി പറഞ്ഞാൽ സിവിൽ സർവീസ് പോലുള്ള അഖിലേന്ത്യ പരീക്ഷകളിൽ മലയാളികൾ പലപ്പോഴും മങ്ങിയപ്രകടനമാണ് കാഴ്ചവെക്കുന്നതെന്ന് നമുക്ക് നിസ്സംശയം പറയാം. കേരളത്തിനെക്കാൾ വിദ്യാഭ്യാസനിലവാരം കുറഞ്ഞ സംസ്ഥാനങ്ങളിലുള്ളവർ അക്കാദമിക് നേട്ടങ്ങൾ കൈവരിക്കുന്നു എന്നുള്ള കാര്യം എടുത്തു പറയേണ്ടതാണ്. ജീവിതമേഖലകളിലും മറ്റും വലിയ വെല്ലുവിളികളും മലയാളി നേരിടുന്നു.

അപ്രതീക്ഷിതമായിയുണ്ടാകുന്ന തിരിച്ചടികളും മൂല്യങ്ങളുടെ തകർച്ചയും ഇവിടെ അനുഭവപ്പെടുന്നു. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ദിശാബോധം നഷ്ടപ്പെടുന്നുണ്ടോ? ഇന്നത്തെ വിദ്യാഭ്യാസം മൂല്യശോഷണത്തിന് വിധേയമാണോ? ഭരണാധികാരികളും വിദ്യാഭ്യാസവിദഗ്ധരും ആഴത്തിൽ ചിന്തിക്കേണ്ട ഒരു കാര്യമാണിത്.

ഇൻഫർമേഷൻ ടെക്നോളജിയും സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങളും ഇല്ലാതിരുന്ന കാലത്ത് വിദ്യാഭ്യാസ പ്രക്രിയ അശാസ്ത്രീയവും തരംതാന്നതുംമാണെന്ന് വിചാരിക്കുവാൻ നിവർത്തിയില്ല. പരിഷ്കൃതമല്ലാത്ത ജീവിതവും ജീവിതസൗകര്യങ്ങളും കുറഞ്ഞിരുന്ന അന്നത്തെ കാലഘട്ടത്തിൽപോലും കാലഘട്ടത്തിനനുസരിച്ചുള്ള രീതിയിൽ അനുയോജ്യവും അധിഷ്ഠിതവുമായിരുന്നു. പ്രാഥമികവിദ്യാഭ്യാസം മുതൽ കോളേജ് വിദ്യാഭ്യാസം വരെ നല്ല നിലവാരം പുലർത്തിയിരുന്നു. അതിന് കാരണം അന്നത്തെ അധ്യാപനരീതിയും, വിദഗ്ധമായ ഭരണ

സമ്പ്രദായവും ആയിരുന്നു .

ഇന്നത്തെ വിദ്യാഭ്യാസത്തെപ്പോലെ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസരീതിയെകുറിച്ച് അന്ന് കേട്ടുകേൾവികൾ പോലുമുണ്ടായിരുന്നില്ല. പ്രൈമറിതലം മുതൽ സെക്കൻഡറിതലം വരെ അധ്യായനഭാഷ മലയാളമായിരുന്നു. ചിന്തിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യുന്ന ഭാഷ എന്ന പരിഗണന അന്ന് മലയാളത്തിന് ലഭിച്ചിരുന്നു. ലോകഭാഷയായ ഇംഗ്ലീഷ് പഠിക്കേണ്ടത് വളരെ ആവശ്യമാണെന്ന് അന്ന് പരിഗണിച്ചിരുന്നുവെങ്കിലും അത് പഠനമാധ്യമാക്കാൻ വിദ്യാഭ്യാസ വിദഗ്ധർ ആഗ്രഹിക്കുന്നില്ല. ഇംഗ്ലീഷ് മുത്തച്ഛന്റെ ഭാഷയെ അവഗണിക്കുകയായിരുന്നു അവർ. മാതൃഭാഷക്ക് പ്രാധാന്യം കൊടുത്ത് ഭാഷ സാമാന്യം കൈകാര്യം ചെയ്യുവാനുള്ള അറിവും പ്രാപ്തിയും വിദ്യാർഥികൾക്ക് നേടിക്കൊടുക്കുക എന്ന് യുക്തിസഹമായി ചിന്തയാണ് വിദ്യാഭ്യാസ വിദഗ്ധരെ ആ രീതി തുടരാൻ പ്രേരിപ്പിച്ചത്. അന്നത്തെ വിദ്യാഭ്യാസത്തിലൂടെ പ്രതീക്ഷിത ലക്ഷ്യം നേടുവാൻ ഓരോ വിദ്യാർഥിക്കും സാധിച്ചിരുന്നു. ഇന്ന് പത്താം ക്ലാസ് ജയിക്കുന്ന കുട്ടിക്ക് മാതൃ ഭാഷയിലോ അധ്യയന ഭാഷയായ ഇംഗ്ലീഷിലോ ഹിന്ദിയിലോ കാര്യമായ കഴിവ്, ആ ഭാഷ സ്വതന്ത്രമായി സംസാരിക്കുവാനോ തെറ്റുകൂടാതെ സ്വതന്ത്രമായി എഴുതുവാനുള്ള കഴിവ്, അഭികാമ്യംമാം വിധം നേടാൻ ഇന്ന കഴിയുന്നില്ല.

പണ്ട് ആശാൻകളരിയിൽ പോയിരുന്ന ആ കാലം!!മുത്തച്ഛന്റെ കൈവിരൽ തുമ്പു പിടിച്ച്, വഴിയോര കാഴ്ചകൾ കണ്ട് മഴ വീണ വഴിയേ ആശാൻകളരിയിലേക്ക് പോയിരുന്ന കാലം!! ആറ്റുമണലിൽ കുഞ്ഞുവിരലുകൾ ഉയരുമ്പോൾ ആദ്യാക്ഷരത്തിൻ നോവ് അനുഭവപ്പെട്ട കാലം!! പനയോല കെട്ടിൽ ആശാൻ എഴുതിക്കൊടുത്ത അക്ഷരമാലയിൽ ചെമ്പരത്തി ചാർ തുടച്ച് നാരായമുനകൾ തെളിച്ചിരുന്ന ആ കുട്ടിക്കാലം!! കർശനമായ ശിക്ഷാവിധികൾ ഉണ്ടായിരുന്നതുകൊണ്ട്, ഏകാഗ്രതയോടെ അക്ഷരവും കൂട്ടക്ഷരവും എണ്ണവും, പട്ടികയും ഒക്കെ പഠിച്ചതിനുശേഷമാണ് കുട്ടി ഒന്നാംക്ലാസിൽ ചേരുന്നത്. ഇങ്ങനെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനശില ഉറപ്പിക്കാനുള്ള യത്നത്തിൽ കളരി ആശാന്മാർ നിർണായക പങ്കുവഹിച്ചിരുന്നു. അവർ സാമ്പത്തികമായി പിന്നോക്കം ആയിരുന്നെങ്കിലും പ്രതിഫലത്തിന് വേണ്ടി വാദിക്കാതെ തങ്ങളുടെ തൊഴിലിനെ അവർ സമർപ്പിച്ചു. അതിൻറെ നല്ല ഗുണങ്ങൾ അന്നത്തെ തലമുറയിൽ കാണാമായിരുന്നു.പട്ടിണി മാത്രം പ്രതിഫലം ഉണ്ടായിരുന്ന കളരി ആശാന്മാരുടെ തലമുറ ക്രമേണ അന്യം നിന്നുപോയി . ആ സ്ഥാനത്ത് നഴ്സറി സ്കൂളുകൾ സ്ഥാനം പിടിച്ചു. സ്വകാര്യമേഖലയിലാണ് അത് ആദ്യം തുടങ്ങിയത്. കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനു മുമ്പ് അവരുടെ പേടിയും ഭയവും മാറ്റുക എന്നതായിരുന്നു ലക്ഷ്യം. സമപ്രായക്കാരായ കുട്ടികളുമായി ഇടപഴകുവാൻ ഇത് കുട്ടികളെ സഹായിച്ചിരുന്നു. ഒരു അമ്മയെ പോലെ, വാത്സല്യത്തോടെ , കരുതലോടെ കുട്ടികളെ അദ്ധ്യാപകർ സംരക്ഷിച്ചിരുന്നു. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ വേരുറയ്ക്കാൻ നഴ്സറി

പഠനം കുട്ടികളെ സഹായിച്ചിരുന്നു. സ്വകാര്യമേഖലയിൽ ഇതിന് നിശ്ചിത ഫീസ് വാങ്ങിയിരുന്നു. സർക്കാർതലത്തിൽ ഇന്ന് അംഗൻവാടികൾ സജീവമാണ്. പാവപ്പെട്ട കുട്ടികളെ ഉദ്ദേശിച്ചാണ് ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നത്. അവിടെ കുട്ടികൾക്ക് മിതമായ തോതിൽ പോഷകാഹാരവും ലഭിക്കുന്നുണ്ട്.നാല് ദശാബ്ദം മുമ്പുവരെ വിദ്യാഭ്യാസ വകുപ്പ് ഇവിടെ കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. അതായത് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരും അധ്യാപകരും ഇവിടെ ഏകമനസോടെ, വിദ്യാർഥികളുടെ പഠനനിലവാരവും, സ്കൂൾ ഭരണവും കാര്യക്ഷമമായി കൊണ്ടുപോകുവാൻ യത്നിച്ചിരുന്നു.നല്ല അഭിപ്രായം വിദ്യാഭ്യാസ ഓഫീസർമാരിലും ഉണ്ടാകുവാനും അഭിനന്ദനം പിടിച്ചുപറ്റുവാനും അധ്യാപകർ മത്സരിച്ചിരുന്നു. അധ്യാപകർക്ക് അന്ന് സംഘടനകൾ ഒന്നുമുണ്ടായിരുന്നില്ല. അതിനാൽ അധ്യാപകൻ അധ്യാപന കർമ്മം പാവനമായി കരുതി . അതിൽ അർപ്പണബോധത്തോടെ ശ്രദ്ധ പതിപ്പിക്കുകയും കുട്ടികളിൽ അത് നല്ല നിലയിൽ സ്വാധീനം ചെലുത്തുകയും ചെയ്തിരുന്നു.

പഠന സമ്പ്രദായത്തിലും പരീക്ഷാ സമ്പ്രദായങ്ങൾക്കും അന്നത്തെ കാലത്ത് പ്രത്യേകതകളുണ്ടായിരുന്നു . നിലവാരം പുലർത്താത്ത വിദ്യാർഥികളെ ഒരിക്കലും വിജയിപ്പിക്കുമായിരുന്നില്ല. നിശ്ചിതശതമാനം കുട്ടികളെ ജയിപ്പിച്ചു കയറ്റണമെന്ന നിർബന്ധവും അന്ന് ഇല്ലായിരുന്നു . പക്ഷേ അഭിമാനബോധവും കർത്തവ്യബോധവും ഉള്ള അന്നത്തെ അധ്യാപകർ തങ്ങളുടെ ക്ലാസ്സിൽ , അധികം കുട്ടികൾ തോറ്റു പോകാതെ പിന്നോക്കക്കാരായ കുട്ടികളിൽ കൂടുതൽ ശ്രദ്ധകൊടുത്ത് പഠിപ്പിച്ച് നിലവാരം ഉയർത്തി നിർത്തിയിരുന്നു.

പണ്ട് അഞ്ചാംക്ലാസ്സ് വരെ പ്രൈമറി ഘട്ടവും, ആറും ഏഴും ക്ലാസുകൾ അപ്പർ പ്രൈമറി ഘട്ടവും എട്ടുമുതൽ പത്തുവരെ ഹൈസ്കൂൾ ഘട്ടമായിരുന്നു.അപ്പർ പ്രൈമറിയിലും ഹൈസ്കൂളിലും പഠിക്കുവാൻ അന്ന് ഫീസ് കൊടുക്കണമായിരുന്നു.ഫീസ് കൊടുക്കുവാൻ നിവൃത്തിയില്ലാത്തവർ പ്രൈമറി വിദ്യാഭ്യാസം കൊണ്ട് അന്ന് പഠനം അവസാനിപ്പിക്കാമായിരുന്നു. ഫീസ് കൊടുക്കേണ്ടതുള്ളതുകൊണ്ടും പഠിക്കാതെ ആരും ജയിക്കുകയില്ലെന്ന് ഉറപ്പ് ഉണ്ടായിരുന്നതുകൊണ്ടും വിദ്യാർത്ഥികൾ പഠനത്തിൽ അതീവ ശ്രദ്ധ പുലർത്തിയിരുന്നു. വിദ്യാർത്ഥി സംഘടനകളോ സമരങ്ങളോ അന്നുണ്ടായിരുന്നില്ല. ശമ്പളം താരതമ്യേന വളരെ കുറവായിരുന്നെങ്കിലും കുട്ടികളെ പഠിപ്പിക്കുന്ന കാര്യത്തിൽ ഒരു വീഴ്ചയും കാണിക്കാതെ, നല്ല അറിവും പാണ്ഡിത്യവുമുള്ള അദ്ധ്യാപക ശ്രേഷ്ഠരാണ് അന്നുണ്ടായിരുന്നത്. ഗുരുഭൂതന്മാർ അന്നത്തെ വിദ്യാർത്ഥികൾക്ക് കാണപ്പെട്ട ദൈവമായിരുന്നു.

വിദ്യാഭ്യാസ രീതിയും സിലബസും പരിഷ്കരിച്ചപ്പോൾ പ്രമോഷന്റെ നിയമങ്ങളും മാറി. പഠിച്ചാലും പഠിച്ചില്ലെങ്കിലും 80% കുട്ടികളെ വിജയിപ്പിക്കണമെന്ന

മാനദണ്ഡം നിലവിൽ വന്നു. പഠിക്കണമെന്നോ മാർക്ക് നേടണമെന്നോ യാതൊരു നിർബന്ധവും ഇല്ലാതെയായി. അവിടെ തുടങ്ങുന്നു, അധ്യായനത്തിന്റെ നിലവാരത്തകർച്ച,

കുട്ടികൾക്ക് പഠിക്കണമെന്നോ, മാർക്ക് നേടണമെന്നോ, അധ്യാപകർക്ക് നിലവാരം കാത്തുസൂക്ഷിക്കണമെന്ന ചിന്തയോ ഇല്ലാതായി. സംഘടനകളും രാഷ്ട്രീയവും ശക്തിപ്രാപിച്ചു. കഴിവ് തെളിയിക്കുവാനും അവകാശങ്ങൾ പിടിച്ചുപറ്റാനും സമരങ്ങൾ സംഘടിപ്പിച്ചു. ഈ അവകാശ സമരങ്ങൾക്കിടയിൽ അദ്ധ്യായനവും, നിലവാരവും ചോർന്നുപോയി.

സർക്കാർ മേഖലയിലും, സ്വകാര്യമേഖലയിലും സ്തുത്യർഹമായി പ്രവർത്തിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഓൾപ്രമോഷൻ ,അധ്യാപിക , വിദ്യാർത്ഥി രാഷ്ട്രീയ സംഘടനകൾ വിദ്യാഭ്യാസ മേഖലയിൽ പ്രാവീണ്യം നേടിയതോടെയും അദ്ധ്യായനനിലവാരം തകർന്നു. പണിമുടക്കും സമരവും നിയന്ത്രിക്കുവാനുള്ള യാതൊരു ശ്രമവും സർക്കാർ ഭാഗത്തുനിന്നും ഉണ്ടായില്ല. സൗജന്യ വിദ്യാഭ്യാസം ലഭ്യമായിരുന്നത് കൊണ്ട് ക്ലാസ് മുടങ്ങുന്നതുകൊണ്ട് കുട്ടികൾക്കോ രക്ഷകർത്താക്കൾക്കോ വലിയ നഷ്ടബോധം തോന്നിയതും ഇല്ല, വിദ്യാഭ്യാസം താറുമാറായി.

ഈ അനുകൂല കാലാവസ്ഥയിലാണ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ രംഗപ്രവേശം. സർക്കാരിന് യാതൊരു ബാധ്യതയും ഇല്ലാത്തതുകൊണ്ട് ഇതിന് സർക്കാർ അംഗീകാരം നൽകി. അച്ചടക്കവും സമരവും ഇല്ലാതെ പഠിക്കാൻ സാധിക്കുന്നതുകൊണ്ട് ഇത്തരം സ്കൂളുകൾക്ക് വലിയ ജനപിന്തുണ ലഭിച്ചു. ഇത് രാഷ്ട്രീയക്കാരും സ്കൂൾ നടത്തിപ്പുകാരും മുതലാക്കി. പണം മുടക്കാൻ ആളുകൾക്ക് മടിയില്ല. പത്താം ക്ലാസ്സുവരെ സൗജന്യ വിദ്യാഭ്യാസം വേണ്ട എന്ന മനോഭാവം സമൂഹത്തിൽ പടർന്നുപിടിച്ചു.

വിദ്യാഭ്യാസത്തെ സംബന്ധിച്ച് നമുക്ക് ഇന്നുള്ള കാഴ്ചപ്പാട് ദൂരവ്യാപകമായ ഭവിഷ്യത്തുകൾ ഉണ്ടാക്കുന്നതാണെന്ന് ഇന്ന് ആരും ചിന്തിക്കുന്നില്ല. ഇന്ന് നടക്കുന്നത് നമ്മുടെ നാടിന് യോജിച്ച വിദ്യാഭ്യാസമേ അല്ല. ഒരു ഭാഷയും പ്രാവീണ്യം നേടാൻ കഴിയാത്ത, ഒരു വിഷയത്തിലും ആഴത്തിലുള്ള നൈപുണ്യം നേടാൻ കഴിയാത്ത ഒരു ശിഥില വിദ്യാഭ്യാസ സമ്പ്രദായമാണിത്. കേരളത്തിൻെറ തനിമയും മലയാളത്വത്തിന്റെ മഹത്വവും ഭാരതീയ സംസ്കാരത്തിന്റെ മേന്മയും മനസ്സിലാക്കാത്ത, ഒരു വികലസംസ്കാരത്തിന്റെ ഉടമകളെയാണ് വരും തലമുറയ്ക്ക് ഇവിടെ ലഭിക്കുവാൻ പോവുന്നത്. മാനുഷികമൂല്യങ്ങൾക്കോ ജീവിത മൂല്യങ്ങൾക്കോ വിലകൽപ്പിക്കാത്ത ഒരു പുത്തൻ തലമുറ!! അവർക്ക് പാശ്ചാത്യസംസ്കാരവും ഭാരതസംസ്കാരവും അതിന്റെ തനിമയോടെ ഒരിക്കലും ഉൾകൊള്ളാൻ കഴിഞ്ഞെന്ന് വരില്ല. സംസ്കാരത്തിൽനിന്ന് അന്യമായ, വേറിട്ടൊരു സംസ്കാരം അവർക്ക് ലഭിക്കുന്നു . അത് ഒരിക്കലും മൂല്യാധിഷ്ഠിതമാവുകയില്ല.

# യഥാർത്ഥ രുചി

'അമ്മേ ..... അമ്മേ ഇത് എപ്പോളാ വേവുക മോൾക്ക് വിശക്കുന്നുണ്ട് കേട്ടോ'. ' ഇപ്പോൾ ശരിയാകും മോളെ ' ചോദ്യത്തിന് മറുപടി നൽകിക്കൊണ്ട് ജാനകി മകളെ ആശ്വസിപ്പിച്ചു. എന്നിട്ട് അവൾ മനസ്സ വിതുമ്പി പറഞ്ഞു. ഈ മൺകലത്തിൽ അരി ഇല്ല. വെള്ളം മാത്രമേ ഉള്ളൂ എന്ന്! ഞാൻ എങ്ങനെ മോളോട് പറയും? എൻറെ ദൈവമേ! ജാനകി മൺകലത്തിൽ നിന്ന് ഒരു കപ്പ് വെള്ളംകോരി മകൾക്ക് കൊടുത്തു.' മീനൂട്ടി ഇത് കുടിച്ചിട്ട് കിടന്നോളൂ.' അമ്മ ചോറ് വേവുമ്പോൾ കുഞ്ഞിനെ വിളിക്കാട്ടോ .മൺകലത്തിലെ ചവർപ്പും പുകയുടെ ചുവയും ഉള്ള വെള്ളം മീനൂട്ടി വലിച്ച കുടിച്ച . ആർത്തിയോടെ, വിശക്കുമ്പോൾ രുചിയൊന്നും നോക്കാറില്ല ല്ലോ! മീനൂട്ടി പാവാട മുറുക്കിക്കെട്ടി അകത്തേക്ക് നടന്നു. കാരണം വിശക്കുമ്പോൾ അങ്ങനെ ചെയ്താൽ കുറച്ച് വിശപ്പ് മാറും. പക്ഷേ, എത്രനേരം പാവാടയ്ക്ക് ക്ഷമിക്കാൻ കഴിയും എത്രനേരം വിശപ്പ് ശമിപ്പിക്കുവാൻ കഴിയും? വയറിൻറെ സങ്കടത്തെ കുറിച്ച് ഓർത്ത് കഴിഞ്ഞപ്പോളാണ് മിനുട്ടിയുടെ അച്ഛൻ വന്നത്. എന്നിട്ട് പറഞ്ഞു ' ജാനകി ഈ അരി അടുപ്പത്തിട്ട് കഞ്ഞി വയ്ക്ക് '! ജാനകി തിരിച്ചുചോദിച്ചു' ഇത് ആര് തന്നതാ........''നാരായണൻറെ കാര്യസ്ഥൻതന്നതാ''അപ്പോൾ നാരായണേട്ടൻ ഒന്നും തന്നില്ലേ? '' ഇല്ല പകരം എന്നെ ആട്ടി ഇറക്കിവിട്ടു''. കുറച്ച സമയം ജാനകി മോളെ വിളിച്ചുനോക്കി 'മോളൂട്ടി എണിക്ക് ചോറ് കഴിക്കേണ്ടേ? മോളൂട്ടി.... ഒന്ന് എണീറ്റേടാ'. ജാനകിയുടെ വിളി അല്പംകൂടി ഉച്ചത്തിലായി . പക്ഷേ മീനൂട്ടി വേറൊരു ലോകത്തിലേക്ക് യാത്രയായിരുന്നു. കാരണം വിശപ്പിന്റെ യഥാർത്ഥ രുചി ആ പിഞ്ചുകുഞ്ഞ് മനസിലാക്കിയിരുന്നു. അടർന്നുവീഴുന്ന കണ്ണീരിനെ വകവെയ്ക്കാതെ വിറയാർന്ന കൈകൊണ്ട് ജാനകി തന്റെ മീനൂട്ടിയുടെ തുറന്നുകിടക്കുന്ന, തന്നെ ഉറ്റുനോക്കുന്ന കണ്ണുകൾ മെല്ലെ അടച്ചു.



ROSEMOL C J
STD VIIIA

**ALBIN SCARIA**

**IXA**

# ചെമ്പരത്തിപ്പൂ

**ചെമ്പരത്തി നീ തന്ന സ്വാതന്ത്ര്യം  കാരണം**

**ഈ ലോകഗോളത്തിൽ നിന്നെ**

**ചെവിയിലേന്തുന്നവനു മാത്രമേ**

**ഉറക്കെ കരയുവാനും ചിരിക്കുവാനും**

**അവകാശമുള്ളൂ.......**



**ALBIN SCARIA**
**STD IXA**

# ഫാസ്റ്റ് ഫുഡും അർബുദ രോഗങ്ങളും

**USHA P T**
**LR.IN ZOOLOGY**



"അധികമായാൽ അമൃതും വിഷം" എന്നൊരു ചൊല്ലുണ്ടല്ലോ.ഇത് ആഹാരത്തിന്റെ കാര്യത്തിൽ ഏറെക്കുറെ ശരിയാണ്. ശരീരത്തിന്റെ വളർച്ചയ്ക്ക്, ശരിയായ പ്രവർത്തനത്തിന്, രോഗപ്രതിരോധത്തിന്, ആരോഗ്യം നിലനിർത്തുവാൻ എന്നിവയ്ക്കെല്ലാം ആഹാരം കൂടിയേ തീരൂ. ആഹാരം അമിതമായാൽ പല ദോഷങ്ങൾക്കും കാരണമാകാം എന്നുകൂടി നാം മനസ്സിലാക്കണം. കഴിക്കുന്ന ഭക്ഷണം ശരിയായ രീതിയിലല്ലെങ്കിൽ, ഭക്ഷണത്തിലെ അനാവശ്യമായ ഘടകങ്ങൾ കാൻസറുൾപ്പെടെ പല രോഗങ്ങൾക്കും കാരണമാകുന്നു. 80-90% കാൻസറുകളും പരിസ്ഥിതിയെയും ആഹാരരീതിയെയും ശ്രയിച്ചിരിക്കയാണെന്ന് മനസ്സിലാക്കാം.

ആഹാരത്തിലെ പ്രധാന അംശങ്ങൾ അന്നജം, കൊഴുപ്പ്, മാംസ്യം, വിറ്റാമിനുകൾ, മിനറൽസ്, നാരുകൾ, ആഹാരത്തിൽ രുചിക്കും നിറങ്ങൾക്കും ചേർക്കുന്ന സാധനങ്ങൾ എന്നിവയാണ്. ശരീരത്തിന് ആവശ്യമായ ഊർജ്ജം നൽകുന്നതോടൊപ്പം കോശങ്ങളുടെ വളർച്ചയെയും സഹായിക്കുന്ന ഒരു പദാർത്ഥമാണ് അന്നജം. ഊർജ്ജം കൂടുമ്പോൾ ഹോർമോണുകളുടെ അളവ് കൂടുകയും അർബുദ വളർച്ച വർദ്ധിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഊർജ്ജത്തിന്റെ അളവിനെ ബന്ധപ്പെട്ട് അർബുദത്തിന് ആരംഭവും വളർച്ചയും നിയന്ത്രിക്കപ്പെടുന്നു.

പാശ്ചാത്യരാജ്യങ്ങളിലും കൂടുതൽ പരിഷ്കൃത സമൂഹങ്ങളിലും കൊഴുപ്പുകൂടിയ ആഹാരം ആണ് കഴിക്കുന്നത്. കൊഴുപ്പ് കൂടുമ്പോൾ കുടലിലേക്ക് ഒഴുകുന്ന പിത്തരസത്തിന്റെ (bile) അളവ് കൂടുന്നു. ഇത് കുടലിന്റെ ക്യാൻസറിന് കാരണമാകുന്നു. കൂടാതെ സ്ത്രീ- ഹോർമോണുകളായ ഈസ്ട്രജൻെറയും (oestrogen) പ്രോലാക്ടിന്റെയും (prolactin) അളവ് കൂടുകയും സ്തനാർബുദത്തിന് സാധ്യത ഏറുകയും ചെയ്യുന്നു .

മാംസ്യം നമുക്ക് സസ്യാഹാരത്തിൽ നിന്നും, മാംസാഹാരത്തിൽ നിന്നും നമുക്ക് ലഭിക്കുന്നു. ബീഫ് എന്ന് പറയുന്ന നാൽക്കാലികളുടെ ഇറച്ചി കഴിക്കുന്നവരിൽ ലിംഫോമ (Lymphoma) എന്ന അർബുദം കൂടുതലായി ഉണ്ടാകുന്നു. കൂടാതെ കുടലിലെ അർബുദത്തിനുള്ള സാധ്യത കൂടുതലാണ്.

# എന്താണ് ഉപന്യാസം?



JOSEPH T S
STD XB

ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഹൃദയാവർജ്ജകമായി രചിക്കുന്ന ശുദ്ധമായ വിചാരങ്ങളുടെ ആവിഷ്ക്കാരമാണ് ഉപന്യാസം. പ്രബന്ധം എന്നുകൂടി പേരുള്ള ഈ ഗദ്യശാഖ ഫ്രഞ്ചുസാഹിത്യത്തിലാണ് ആദ്യമായി ആവിർഭവിച്ചത്.

പതിനെട്ടാം നൂറ്റാണ്ടോടെ വ്യക്തമായ രൂപഘടനയാർജിച്ച് ഇംഗ്ലിഷ് ഭാഷയിലും പത്തൊമ്പതാം നൂറ്റാണ്ടോടെ ഇന്ത്യൻ ഭാഷയിലും ഉപന്യാസം ഒരു പ്രസ്ഥാനമെന്ന നിലയിൽ സ്ഥാനമുറപ്പിച്ചു. അപ്പൻതമ്പുരാൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തുടങ്ങിയവരുടെ രചനകൾ ഉൾപ്പെടുത്തി 1907-ൽ പ്രസിദ്ധീകരിച്ച 'ഗദ്യമാലിക' ആണ് മലയാളത്തിലെ ഒന്നാമത്തെ ഉപന്യാസ ഗ്രന്ഥം.

# എന്റെ നാട്



BINOLIN G KULANGARA
Lr.in Computer

'ഭാരതമെന്നു കേട്ടാൽ
അഭിമാന പൂരിതമാകണമന്തരംഗം
കേരളമെന്ന് കേട്ടാലോ
തിളക്കണം ചോര നമുക്ക് ഞരമ്പുകളിൽ'

മണ്ണിൻെറ മൺമറഞ്ഞ ജനതയ്ക്ക് കവി പകർന്നുതന്ന ദേശാഭിമാനത്തി ൻെറ ഈരടികൾ....

മനസ്സിൽ വേരുറച്ച പിറന്ന നാടിനോടുള്ള വികാരമാണിത്.... ഇന്നത്തെ യുവതിയ്ക്ക് മഞ്ഞയും നീലയും കലർന്ന ജേഴ്സിയിൽ രൂപപ്പെടുന്ന ഓളങ്ങൾ.....

'കേരം തിങ്ങും കേരള നാട് '- പേരിൻെറ പൊരുള് പോലും പൊരിവെയിലിൽ തീർത്ഥം ആകുന്നു, അയൽക്കാരനെ ഇളനീരിൽ അർത്ഥശൂന്യമായി.

'നിറ നിറ വല്ലം നിറ'.... കൊയ്ത്തുപാട്ടിൻെറ താളവും മേളവും...നിറങ്ങളില്ലാത്ത പഴയ ചലചിത്രങ്ങളിലെ കാല്പനികതയായി പച്ചവിരിച്ച് ഇളംകാറ്റിൽ അലതല്ലിയിരുന്ന മലനാടൻ പാടങ്ങൾ കോൺക്രീറ്റ് സൗധനങ്ങൾക്ക് വഴിമാറി.

ചെത്തി,മന്ദാരം ,തുളസി , പിച്ചി - നൃത്തം ചെയ്തിരുന്ന അങ്കണങ്ങൾ.....ടൈല് പാകിയ മുറ്റങ്ങളിൽ ചട്ടികൾക്കുള്ളിൽ വിദേശ പുഷ്പിണികൾ അഹങ്കരിക്കുന്നു. മിതമായ കാലാവസ്ഥ ദൈവത്തിൻെറ സ്വന്തം നാടിൻെറ സ്വകാര്യ അഹങ്കാരമായിരുന്നു- ഇന്ന് സൂര്യതാപം ഏൽക്കുന്നു... വിരോധാഭാസം ..... വിറച്ച വിറങ്ങലിക്കുന്നു .

44 നദികളും കായലുകളും കുളങ്ങളും.... ജലസമൃദ്ധിയുടെ കഥ പറഞ്ഞ കാലം. ഇന്നത് മുത്തശ്ശിക്കഥ. കുടിവെള്ളം പണം കൊടുത്ത് കുപ്പിയിൽ എത്തിക്കുന്നത് സ്ഥിരകാഴ്ച .നദിയിലെ മണൽവാരൽ മാഫിയകൾ ഇന്ന് വേഷംമാറി കരയിലെ കരിങ്കൽ ക്വാറികളും കരിമണൽ ഖനികളും ഭൂമിയെ തുരന്നു തിന്നുന്ന കാലം....

പ്ലാസ്റ്റിക്ക്, ഇ-വെയ്സ്റ്റ് അങ്ങനെയങ്ങനെ... നാം വലിച്ചെറിഞ്ഞവ.... മാതേ നിൻെറ മാറിലെ ക്യാൻസറായി നിൻെറ തന്നെ തെളിനീര് ഊറ്റി എടുക്കുന്നവർ... വിപണിയിലെത്തിക്കുന്ന വിഷലിപ്തമായ വിഭവങ്ങൾ ഊണ് മേശയിൽ എത്തിച്ച്, അമ്മേ ഞങ്ങളും ആ മഹാരോഗം ഏറ്റുവാങ്ങി കൊണ്ടിരിക്കുന്നു.....

നിൻറെ മക്കളുടെ കരുണയാൽ ഇവിടെ നിലയുറപ്പിച്ചവർ, നിൻറെ പെൺകുഞ്ഞുങ്ങളെ പിച്ചി ചീന്തിയപ്പോൾ..... അമ്മേ..... നിന്റെ ഭ്രമണ താളംതെറ്റിയോ..... അവകാശികൾ ഇല്ലാത്തവരെ കുലുക്കി എറിയാൻ , നിൻെറ മലനിരകൾ തയാറെടുത്തോ....

ആത്മഹത്യയിലും റോഡപകടങ്ങളിലും മദ്യപാനത്തിലും മുന്നിലെത്താൻ കുതിച്ചു പായുന്ന യുവത്വം.... എവിടെയോ കൈമോശം വരുന്ന സാംസ്കാരിക ധാർമിക മൂല്യങ്ങൾ....

എൻെറ മാതൃനാടേ ഇത്രനാൾ നീ അമ്മിഞ്ഞയൂട്ടിയ നിൻെറ മക്കളെ നീ വെറുത്തു തുടങ്ങിയോ... ഒക്കെ ശുദ്ധിചെയ്ത് സ്വതന്ത്രയാവാനോ നീ, സ്വാതന്ത്ര്യദിനത്തിൽ മുമ്പെങ്ങുമില്ലാത്തത്ര ക്രോധത്തിൽ ഉറഞ്ഞുതുള്ളിയത് പൂക്കളങ്ങളും പൂവിളികളും ഉയരാത്ത ഓരോണം നീ നിന്റെ മക്കൾക്കു സമ്മാനിച്ചപ്പോൾ....

അമ്മേ, ഞങ്ങൾ ഉണർന്നെണീറ്റു....

ഓരോ പാത്രത്തിൽനിന്ന് പങ്കിട്ടു ഭക്ഷിക്കാൻ ഹിന്ദുവും ക്രിസ്ത്യാനിയും ഇസ്ലാമും ഒരുമിച്ചു . ആബാലവൃദ്ധം ഒരുമിച്ചു പാർത്തു. അന്നമായും വസ്ത്രമായും കൂരയായും അധ്വാനമായും കനിവൊഴുകി . തുഴയെറിയുന്ന കൈകൾ നാടിൻെറ കരുത്തായി. ചുമലുകൾ ചവിട്ടുപടിയായി..... മാലോകർ വാഴ്ത്തിപ്പാടി.... കേരളം..... ദൈവത്തിൻെറ സ്വന്തം നാട്.

# കേരളത്തിന്റെ വികസന മുന്നേറ്റം



**AFINAS SUBAIR**
**STD IXB**

ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ ടെക്നോളജിയിലും വികസന മേഖലയിലും പ്രാവീണ്യം നേടിയ സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ തന്നെ ഡിജിറ്റൽ സംസ്ഥാനമെന്ന പദവി രാഷ്ട്രപതി കേരളത്തിന് നൽകി.

ഇന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ മേഖലയിൽ വിവിധതരം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. കണ്ണൂർ ഇൻറർനാഷണൽ എയർപോർട്ട് എന്ന പദ്ധതിയാണ് മുഖ്യമന്ത്രി ഇപ്പോൾ പുതിയതായി ഉദ്ഘാടനം ചെയ്തത്.

വിദ്യാഭ്യാസ രംഗത്ത് വിവിധതരം പദ്ധതികൾ മുഖ്യമന്ത്രിയും സർക്കാറും ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ സ്മാർട്ട് റൂമുകളും ഡി.എസ്.എൽ.ആർ ക്യാമറകളും മറ്റും നൽകിയിട്ടുണ്ട്.അതിനാൽതന്നെ ധാരാളം കുട്ടികൾ സർക്കാർ സ്കൂളിൽ ചേരുന്നു.

കൊച്ചിയിൽ മെട്രോ വന്നതോടെ കൊച്ചി ഒരു മെട്രോ സിറ്റിയായി . പെട്ടെന്നു വന്ന പ്രളയത്തിനുശേഷം ധാരാളം പ്രവർത്തനങ്ങൾക്ക് തടസ്സങ്ങളുണ്ടായി . എങ്കിലും നവകേരള മിഷനിലൂടെ കേരളം മുന്നേറുമെന്ന പ്രതീക്ഷയിലാണ് കേരളീയർ മുഴുവനും .

# രാത്രിയും പകലും

## ROSEMOL

എന്നും രാത്രിയെ പുണർന്ന് ഉറങ്ങുന്ന ഞാൻ.
എൻ സങ്കടങ്ങളും ദുഃഖങ്ങളും മറന്ന്
രാത്രിയുടെ നിശബ്ദതയിൽ
തണുപ്പിന്റെ സ്നേഹംകൊണ്ട് ഉറങ്ങി
പിന്നെ പൂവിതൾ പോലെ
രാത്രി കൊഴിഞ്ഞു വീഴുന്നതും
പ്രഭാതം ആകുന്ന മൊട്ട്
ചെറു ചിരിയാൽ വിരിയും
പുലർച്ചെ കുളിർകാറ്റു വീശിയെത്തും



ROSEMOL C J
STD VIIIA

# “പ്രിയപ്പെട്ട ടീച്ചർ”



**FIROZ KHAN**
**STD IXB**

**അജ്ഞതയുടെ ഇരുളിൽ നിന്ന് അറിവിന്റെ മായാലോകത്തേക്ക് എന്നെ കൈപിടിച്ച് കയറ്റുമ്പോൾ അന്ന് ...,. ഞാൻ കരഞ്ഞു.പക്ഷേ.... ആ കരങ്ങളുടെ മൃദുലമായ സ്നേഹവാത്സല്യങ്ങൾ എന്റെ കണ്ണുനീരിനെ വറ്റിച്ചു.**

**പകരം ചുണ്ടിൽ സ്നേഹത്തിന്റെ നിഷ്കളങ്കമായ പുഞ്ചിരി വിരിയിക്കാൻ എന്നെ പഠിപ്പിച്ചു. ആകാശത്തിലെ നക്ഷത്രങ്ങളെ കണ്ട് ഞാൻ അമ്പരന്നപ്പോൾ.... പൂന്തോട്ടത്തിന്റെ പൂമ്പാറ്റകളെ കണ്ട് ഞാൻ ആനന്ദിച്ചപ്പോൾ എന്റെ ആനന്ദത്തിൽ പങ്കുചേർന്ന് എന്നെ നക്ഷത്രത്തോളം അറിവുള്ളവനാക്കി. പൂമ്പാറ്റകളെപ്പോലെ പാറിപ്പറക്കും എന്ന് ഞാൻ കരുതിയില്ല. ആദ്യാക്ഷരം മുതൽ ജീവിതം എന്തെന്നുവരെ എന്നെ പഠിപ്പിച്ചു. അതിനിടയിൽ എന്നെ വിളിച്ച് സ്നേഹനിധിയായ അമ്മയെപ്പോലെ ഓതി, “പുസ്തകങ്ങൾക്കപ്പുറം ഒരു ജീവിതമുണ്ട്, കലാലയങ്ങൾക്കപ്പുറം ഒരു ജീവിതമുണ്ട്, കലാലയങ്ങൾക്കപ്പുറം ഒരു ലോകമുണ്ട്,പരീക്ഷകടമ്പകൾ ഇഴഞ്ഞുകടന്ന് നീ ജീവിതത്തിൽ തോറ്റുപോയിടരുത്. ഞാൻ വഴികാട്ടി മാത്രം. നിന്റെ വഴി നീ തന്നെ കണ്ടെത്തണം...”**

**ആകാശവിശാലതയിൽ കാണപ്പെടുന്ന തൂവെൺമുകിൽ പോലെ....!! മായികാലോകത്ത് നിന്നു പറന്നു വന്ന.... അറിവിന്റെ മാലാഖമാരെപ്പോലെ എനിക്ക് ചിലപ്പോൾ അങ്ങയുടെ സാന്നിധ്യം**

**അനുഭവപ്പെട്ടു. ചിലപ്പോൾ ചെകുത്താന്റെ വേഷമണിഞ്ഞ് എന്നെ ശാസിക്കുമ്പോൾ നോവുന്നത് ആ ഹൃദയം തന്നെയാണെന്ന തിരിച്ചറിവ് ഒരിക്കൽ എനിക്കുണ്ടായി. ചിലപ്പോൾ അമ്മയെപ്പോലെ.... ചിലപ്പോൾ എന്റെ ഏറ്റവും അടുത്ത സുഹൃത്തിനെപ്പോലെ.... ഒരടുപ്പം. എന്നെ ജീവിക്കാൻ പഠിപ്പിച്ചു.... ജീവിതം പ്രതിസന്ധികളെ പുഞ്ചിരിയോടെ നേരിടാൻ പഠിപ്പിച്ചു.... ആ സ്നേഹവാത്സല്യകരങ്ങളെ നാം അനുസ്മരിക്കേണ്ടത്... “സെപ്തംബർ അഞ്ച്..” എന്ന ഒരു ദിവസം മാത്രമല്ലെന്ന് ഞാൻ തിരിച്ചറിഞ്ഞു.**

**സ്വന്തം സങ്കടങ്ങളെ ഉള്ളിലൊതുക്കി ഞങ്ങളുടെ സന്തോഷത്തിലും മാതാപിതാക്കളെപ്പോലെ പങ്കുചേരുമായിരുന്നല്ലോ സ്നേഹനിധികളേ....**

ഈ ഭൂമിയിൽ മാതാപിതാക്കളും അധ്യാപകരും കൈനീട്ടി വാങ്ങുന്ന ഈശ്വരന്റെ സമ്മാനമാണ് ഓരോ കുഞ്ഞും എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് ജീവിതം ഞങ്ങൾക്ക് തന്നതിനും ഞങ്ങളെ ജീവിക്കാൻ പഠിപ്പിച്ചതിനും ആ സർവേശ്വരനു മുമ്പിൽ ഞങ്ങൾ ശിരസ്സ് നമിക്കട്ടെ.

# ലഘു അറിവുകൾ



ROSEMOL C J
STD VIIIA

- നഴ്സുമാരെ പരിശീലിപ്പിക്കാനുള്ള സ്കൂൾ സ്ഥാപിക്കപ്പെട്ടത് ഇന്ത്യയിലാണ് 2200 വർഷം മുമ്പ്.
- ചൈനയിലെ പെയുവാൻ മ്യൂസിയത്തിൽ 10000 ദിനോസർ മുട്ടകൾ തരംതിരിച്ചു സൂക്ഷിച്ചിട്ടുണ്ട്. അതും ഒന്നര കോടി വർഷം പഴക്കമുള്ളവ.
- 30 കോടി വർഷമായി ഉരഗങ്ങൾ ഭൂമിയിലുണ്ട്.
- കേരളത്തിലെ ആദ്യത്തെ സ്കൂൾ കോട്ടയത്തെ സിഎംഎസ് സ്കൂളാണ്
- ധാരാളം രാജ്യങ്ങൾ ചാവേർ നായകളെ രണ്ടാം ലോകമഹായുദ്ധത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

# വിദ്യാലയം



JESWIN P K
STD XIA

എന്നും നിറവായ് തെളിയുന്ന എന്നുടെ വിദ്യാലയം
ആദ്യാക്ഷരം കുറിക്കുന്ന നടുമുറ്റം....
എന്നും അക്ഷരങ്ങൾക്കൊപ്പം ചങ്ങാത്തം
പോയിമറയും നേരമിതാ....
നെഞ്ചിൽ  കളിയാട്ടും കുളിരോർമ്മകൾ
നാല് ചുമരാം കുസൃതി പടരും
നേരം എന്നും സ്നേഹിച്ചത് നിന്നെമാത്രം
എന്റെ കൂട്ടുക്കാരാ....
എന്നും എപ്പോഴും എവിടെയും

# പ്രളയം



**HRISHIKESH KRISHNA K SANTHOSH**
**STD IXA**

ഒരു രാവു പുലരുമ്പോൾ ഭൂമിയും പുഴയായി
ചിതറുന്ന മർത്യനും പല ദിക്കിലായി
മരണം മുഖാമുഖം കാണുന്ന മാത്രയിൽ
അറിയാതെ മക്കളെ വേർപെട്ടുപോയി

ഉടുതുണി മാത്രമായി കരയിലേക്ക് എത്തിയ
മർത്യന്റെ നെഞ്ചകം നീറിടുന്നു
ജന്മം തന്നവർ ജന്മം കൊടുത്തവർ
എവിടെയാണെന്ന് അറിയാതെ തേങ്ങി

കുത്തിയൊഴുകുന്ന മലവെള്ളപ്പാച്ചിലിൽ
ഉയരുന്ന മർത്യന്റെ നിലവിളിയും
പ്രാണനുവേണ്ടി പിടയുന്ന നേരത്ത്
ഉയരുന്ന പ്രളയത്തിൽ പല കൈകളും

പ്രാണനായി പിടയുന്ന നേരത്തു
മർത്യന്റെ രക്ഷകർ ആയി വന്നു ധീരപുത്രർ
തൻ പ്രാണൻ നോക്കാതുറക്കവുമില്ലാതെ
രാവും പകലും അവർ കാവലായി

പേറ്റു നോവോടെ പിടയുന്ന പെണ്മണി
വാനിൽ ഉയർന്നവൾ തൂങ്ങിയാടി
സാഹസം കാട്ടിയ ധീരജവാനെ നാം
എന്നും ഓർത്തിടേണം നന്ദിയോടെ

ആരും വിളിക്കാതെ ഓടി വന്നെത്തിയ
കടലിന്റെ മക്കളെ നമിച്ചിടുന്നു
നന്മനിറഞ്ഞൊരാ കടലിൻ പുത്രന്റെ
സ്വന്തം ശരീരം ചവിട്ടുപടിയായി

ഒറ്റയാക്കപ്പെട്ട കടലിന്റെ മക്കളിൽ
ഇത്രയും നന്മ ഉണ്ടായിരുന്നോ
ഇതുവരെ കാണാത്ത ഇതുവരെ അറിയാത്ത
സോദരർക്കായ് അവർ പൊരുതിനിന്നു

കാലവർഷത്തിൻ കലിയടങ്ങാതെയി
മണ്ണിന്റെ മാറിലാണിതാണ്ഡവം
ചോര നീരാക്കി സ്വരുക്കൂട്ടിയതെല്ലാം
കലിയോടെ പ്രളയം കവർന്നെടുത്തു

എല്ലാം തകർത്തെറിഞ്ഞാടിത്തിമിർത്തൊരാ
കാലവർഷത്തിൽ കലിയടങ്ങി
ഇന്നു ശാന്തമായി ഒഴുകുന്ന പമ്പയും പെരിയാറും
അറിയുന്നുവോ ഈ വേദനകൾ

മനുജന്റെ പാപങ്ങൾ താങ്ങുവാനാകാതെ
പ്രകൃതിയുടെ കണ്ണുനീര് ആയിരിക്കാം
കാലവർഷം ബാക്കി വെച്ചൊരാ മൺകൂന
ചെളിയാക്കിയെറിയുന്നു രാഷ്ട്രീയക്കാർ

ഇനിയെന്തുവേണം എന്നറിയാതെ കുഴയുന്ന
പുനർജന്മം കൊണ്ടൊരി കേരളത്തിൽ
ശാന്തമായി ഒരു രാവ് ഉറങ്ങുവാൻ ആകുമോ
അറിയില്ല മർത്യനീ കേരളത്തിൽ....

# അന്തരീക്ഷമലിനീകരണം



AFINAS SUBAIR
STD IXB

അന്തരീക്ഷത്തിൽ പുകയും വിഷവാതകങ്ങളും മറ്റു രാസപദാർത്ഥങ്ങളും കലരുന്നതുമൂലം ഉണ്ടാകുന്ന മലിനീകരണമാണ് അന്തരീക്ഷമലിനീകരണം.മനുഷ്യനെയും ഭൂമിയിലെ മറ്റു ജീവജാലങ്ങളുടെയും നിലനിൽപ്പിന് തന്നെ ഇത് ഭീഷണിയാവാൻ ഇടയുണ്ട്. പ്രകൃതിയിലെ മനുഷ്യരുടെ ഇടപെടൽ മൂലവും നൈസർഗികമായ താരങ്ങളായും അന്തരീക്ഷമലിനീകരണം സംഭവിക്കുന്നു. ഭൗമോപരിതലത്തിനു സമീപത്തുള്ള അന്തരീക്ഷ പാളിയായ ട്രോപോസ്ഫിയർ ലാണ് സാധാരണമായി വിഷവാതകങ്ങൾ അലിയുന്നത്.

ഗാർഹിക മലിനീകരണവും നഗരങ്ങളിൽ മോശമായ അന്തരീക്ഷസ്ഥിതി ഉണ്ടാക്കുന്നു. 2008 ലെ ബ്ലക്ക് ഇൻസ്റ്റിറ്റ്യൂട്ട് എന്ന എൻ ജി ഒ യുടെ ഏത് മാലിന്യ ഇടങ്ങളുടെ പ്രസിദ്ധീകരണത്തിൽ അന്തരീക്ഷ മലിനീകരണത്തിന് ഗുരുതരപ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട് .2014 ലെ ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം 2012 ൽ 70 ദശലക്ഷം ആളുകളുടെ മരണത്തിന് അന്തരീക്ഷമലിനീകരണം കാരണമായി വർധിച്ചിട്ടുള്ളത് ആയി പറയുന്നു .അന്താരാഷ്ട്ര ഊർജ്ജ ഏജൻസിയും ഇതിനെ ശരിവയ്ക്കുന്നു.

മനുഷ്യനോ ആവാസവ്യവസ്ഥയെ തന്നെയോ ഹാനികരമായി ബാധിക്കുന്ന വായുവിലെ പദാർത്ഥങ്ങളാണ് അന്തരീക്ഷമലിനീകാരികൾ .ഇവ പലപ്പോഴും നൈസർഗ്ഗികമോ മനുഷ്യനിർമിതമോ ആയ ഖര പദാർത്ഥങ്ങളോ ദ്രാവക അവസ്ഥയിലുള്ള തുള്ളികളോ വാതകങ്ങളോ ആണ്.

അഗ്നിപർവ്വത സ്ഫോടനങ്ങളിൽ നിന്നുള്ള ചാരങ്ങളും വാഹനങ്ങളിൽനിന്നും കാർബൺമോണോക്സൈഡ് നാടകമായും ഫാക്ടറികളിൽ നിന്നും സൈഡ് സംയുക്തമായും കാണുന്ന പ്രാഥമിക മലിനീകാരികൾ സാധാരണയായി അന്തരീക്ഷത്തിൽ നേരിട്ട് അലിയുന്നില്ല. ഇവ പ്രാഥമിക മലിനീകാരികളുടെ പരസ്പര സമ്പർക്കംമൂലം രൂപംകൊള്ളുന്നതാണ്. ഭൗമോപരിതലത്തിന് സമീപം കാണപ്പെടുന്ന ഓസോൺ സംയുക്തം ഇതിന് ഒരു ഉദാഹരണമാണ് .ചില പദാർത്ഥങ്ങൾ പ്രാഥമിക,ദ്വിതീയ മലിനീകാരികളായി ഒരേ സമയം പ്രവർത്തിക്കാറുണ്ട്. ഇവ നേരിട്ട് വായുവിൽ കലരുന്നവയോ മറ്റ പ്രാഥമിക മലിനീകാരികളുമായുള്ള സമ്പർക്കത്താൽ രൂപംകൊള്ളുന്നവയോ ആണ്. പലരീതിയിലാണ് മാലിന്യങ്ങൾ അന്തരീക്ഷത്തിൽ എത്തിച്ചേരുന്നത്. സമുദ്രജലം ബാഷ്പീകരിച്ചുണ്ടാവുന്ന ലവണകണികകൾ, അഗ്നിപർവ്വതങ്ങൾ പുറന്തള്ളുന്ന ധൂളി കണങ്ങൾ, വിഷവാതകങ്ങൾ തുടങ്ങിയ നൈസർഗിക മാലിന്യങ്ങളും വാഹനങ്ങൾ പുറംതള്ളുന്ന വിഷപ്പുകയും മനുഷ്യനിർമ്മിത മാലിന്യങ്ങളാണ്.

അന്തരീക്ഷ മാലിന്യങ്ങളെ വാതകങ്ങൾ( കാർബൺമോണോക്സൈഡ്), കണികകൾ( പുക, ഫ്ലൂറൈഡ്), ജൈവ പദാർഥങ്ങൾ,ഓക്സീകാരികൾ (ഓസോൺ ) നിരോക്സീകാരികൾ ( സൾഫറിന്റെയും നൈട്രജന്റെയും ഓക്സൈഡുകൾ), റേഡിയോ ആക്ടീവതയുള്ള പദാർത്ഥങ്ങൾ (പരാഗരേണുക്കൾ ) താപീയ മാലിന്യങ്ങൾ ( ആണവനിലയങ്ങൾ ബഹിർ ഗമിക്കുന്ന താപം) എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്.

അന്തരീക്ഷമലിനീകരണംഅന്തരീക്ഷത്തിൽ പുകയും വിഷവാതകങ്ങളും മറ്റു രാസപദാർത്ഥങ്ങളും കലരുന്നതുമൂലം ഉണ്ടാകുന്ന മലിനീകരണമാണ് അന്തരീക്ഷമലിനീകരണം.

മനുഷ്യനെയും ഭൂമിയിലെ മറ്റു ജീവജാലങ്ങളുടെയും നിലനിൽപ്പിന് തന്നെ ഇത് ഭീഷണിയാവാൻ ഇടയുണ്ട്. പ്രകൃതിയിലെ മനുഷ്യരുടെ ഇടപെടൽ മൂലവും നൈസർഗികമായ കാരണങ്ങളായും അന്തരീക്ഷമലിനീകരണം സംഭവിക്കുന്നു. ഭൗമോപരിതലത്തിനു സമീപത്തുള്ള അന്തരീക്ഷ പാളിയായ ട്രോപോസ്ഫിയർ ലാണ് സാധാരണമായി വിഷവാതകങ്ങൾ അലിയുന്നത്.

ഗാർഹിക മലിനീകരണവും നഗരങ്ങളിൽ മോശമായ അന്തരീക്ഷസ്ഥിതി ഉണ്ടാക്കുന്നു. 2008 ലെ ബ്ലക്ക് ഇൻസ്റ്റിറ്റ്യൂട്ട് എന്ന എൻ ജി ഒ യുടെ ഏത് മാലിന്യ ഇടങ്ങളുടെ പ്രസിദ്ധീകരണത്തിൽ അന്തരീക്ഷ മലിനീകരണത്തിന് ഗുരുതരപ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട് .2014 ലെ ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം 2012 ൽ 70 ദശലക്ഷം ആളുകളുടെ മരണത്തിന് അന്തരീക്ഷമലിനീകരണം കാരണമായി വർധിച്ചിട്ടുള്ളത് ആയി പറയുന്നു .അന്താരാഷ്ട്ര ഊർജ്ജ ഏജൻസിയും ഇതിനെ ശരിവയ്ക്കുന്നു.

മനുഷ്യനോ ആവാസവ്യവസ്ഥയെ തന്നെയോ ഹാനികരമായി ബാധിക്കുന്ന വായുവിലെ പദാർത്ഥങ്ങളാണ് അന്തരീക്ഷമലിനീകാരികൾ .ഇവ പലപ്പോഴും നൈസർഗ്ഗികമോ മനുഷ്യനിർമിതമോ ആയ ഖര പദാർത്ഥങ്ങളോ ദ്രാവക അവസ്ഥയിലുള്ള തുള്ളികളോ വാതകങ്ങളോ ആണ്.

അഗ്നിപർവ്വത സ്ഫോടനങ്ങളിൽ നിന്നുള്ള കാരണങ്ങളും വാഹനങ്ങളിൽനിന്നും കാർബൺമോണോക്സൈഡ് നാടകമായും ഫാക്ടറികളിൽ നിന്നും സൈഡ് സംയുക്തമായും കാണുന്ന പ്രാഥമിക മലിനീകാരികൾ സാധാരണയായി അന്തരീക്ഷത്തിൽ നേരിട്ട് അലിയുന്നില്ല.

ഇവ പ്രാഥമിക മലിനീകാരികളുടെ പരസ്പര സമ്പർക്കംമൂലം രൂപംകൊള്ളുന്നതാണ്. ഭൗമോപരിതലത്തിന് സമീപം കാണപ്പെടുന്ന ഓസോൺ സംയുക്തം ഇതിന് ഒരു ഉദാഹരണമാണ് .ചില പദാർത്ഥങ്ങൾ പ്രാഥമിക,ദ്വതീയ മലിനീകാരികളായി ഒരേ സമയം പ്രവർത്തിക്കാറുണ്ട്. ഇവ നേരിട്ട് വായുവിൽ കലരുന്നവയോ മറ്റു പ്രാഥമിക മലിനീകാരികളുമായുള്ള സമ്പർക്കത്താൽ രൂപംകൊള്ളുന്നവയോ ആണ്. പലരീതിയിലാണ് മാലിന്യങ്ങൾ അന്തരീക്ഷത്തിൽ എത്തിച്ചേരുന്നത്. സമുദ്രജലം ബാഷ്പീകരിച്ചുണ്ടാവുന്ന ലവണകണികകൾ, അഗ്നിപർവ്വതങ്ങൾ പുറന്തള്ളുന്ന ധൂളി കണങ്ങൾ, വിഷവാതകങ്ങൾ തുടങ്ങിയ നൈസർഗിക മാലിന്യങ്ങളും വാഹനങ്ങൾ പുറംതള്ളുന്ന വിഷപ്പുകയും മനുഷ്യനിർമ്മിത മാലിന്യങ്ങളാണ്.

അന്തരീക്ഷ മാലിന്യങ്ങളെ വാതകങ്ങൾ( കാർബൺമോണോക്സൈഡ്), കണികകൾ( പുക, ഫ്ലൂറൈഡ്), ജൈവ പദാർഥങ്ങൾ,ഓക്സീകാരികൾ (ഓസോൺ ) നിരോക്സീകാരികൾ ( സൾഫറിന്റെയും നൈട്രജന്റെയും ഓക്സൈഡുകൾ), റേഡിയോ ആക്ടീവതയുള്ള പദാർത്ഥങ്ങൾ (പരാഗരേണുക്കൾ ) താപീയ മാലിന്യങ്ങൾ ( ആണവനിലയങ്ങൾ ബഹിർ ഗമിക്കുന്ന താപം) എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്.

# ഫലിതം

അധ്യാപകൻ: രാജൻ പുലിയെ കൊന്നു. ഇതെന്തു കാലം?

കുട്ടി: കഷ്ടകാലം.

അധ്യാപകൻ: തർക്കുത്തരം പറയുന്നോ?

കുട്ടി: അതെ സർ...... വനം വകുപ്പുകാർ രാജനെ പൊക്കും

അധ്യാപകൻ:!!!!!!




ROSEMOL C J
STD VIIIA

# ശരിയായത്

മരിച്ചു കഴിഞ്ഞാൽ
പിന്നെ ജീവിതം ഉണ്ടോ
എന്നതല്ല യഥാർത്ഥ ചോദ്യം?
മരിക്കുന്നതിന് മുൻപ്
നാം ജീവിച്ചിരുന്നോ
എന്നതാണ് !



ALBIN SCARIA
STD IXA





ALFIA SALIM
STD XIIC






ALFIA SALIM
STD XIIC







**AFSAL M S**
**STD XIIC**







**SREEKANTH S NAIR**
**STD VIIIA**




**ABHIRAM K S**
**STD XA**







**ANANTHU SATHEESH**
**STD XIIA**






ARJUN SABU
STD VIIIA





ANANNTHU SATHEESH
STD XIIA





**ANANNTHU SATHEESH**
**STD XIIA**

# PRINCIPAL



TESSY JOSEPH

## DEPARTMENT OF COMPUTER



BENOY PAUL



BINOLIN G KULANGARA



ANIJA N



PREETHA KUMARI A

## DEPARTMENT OF ELECTRONICS



MAHESH G



JOBY JOSE



ARATHY VIJAYAN

## DEPARTMENT OF ENGLISH



DHANYA MATHEW



SHAHIBA C K



REVATHY R NAIR



JOBIN JOHN
LR.IN MALAYALAM



MUHAMMED SHAN P S
LR.IN PHYSICAL EDN.



RAHUL N
LR.IN HUMANITIES

## DEPARTMENT OF MATHEMATICS



ANILA RAJAN



DIVYA B PILLAI



PREETHAMOL A P

## DEPARTMENT OF PHYSICS



JAIN JOHN



AISWARYA LAKSHMI B



KUNJUMOL V S

## DEPARTMENT OF CHEMISTRY



ANJU MURALI



PRAMEELA M P



NIMMY BHAI P P

## DEPARTMENT OF BIOLOGY



SUMY MATHEW



USHA P T

# NON TEACHING STAFF




CIBY JOHN MALEKUDIYIL
HEADCLERK



MARY VARGHESE
SENIOR OFFICE ASSISTANT



SHAJI MATHEW
LAB ASSISTANT



REGI K PLACKAL
LIBRARIAN



TOMY M P



THOMAS MATHEW



ISHA N I



SUSY JOSEPH



**LITTLE KITE MEMBERS AND MISTRESSES**



**EDITORIAL BOARD MEMBERS**

# LITTLE KITE TRAINING CLASS





**STATE AND DISTRICT WINNERS**







Thanking you all.........

for the efforts

you put to lighten our

# RANTHAL